(ഡി) സംയുക്ത സംരംഭം വന്നതുകൊണ്ട് 2003-04 വർഷം മലബാർ മേഖലാ യൂണിയന് 70.42 ലക്ഷം രൂപയും തിരുവനന്തപുരം മേഖലാ യൂണിയന് 117.07 ലക്ഷം രൂപയും വരുമാന നഷ്ടമുണ്ടായിട്ടുണ്ടെന്ന് യൂണിയനുകൾ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നഷ്ടം പൂർണ്ണമായും എം. എഫ്. എൽ.-ന്റെ പ്രവർത്തനത്തിലൂടെയല്ല എന്ന് എം. എഫ്. എൽ. അറിയിച്ചിട്ടുണ്ട്. ഈ കണക്കുകൾ പരിശോധിച്ചതിനുശേഷം മാത്രമേ യഥാർത്ഥ നഷ്ടം കണക്കാക്കാനാകൂ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇല്ല.

(എഫ്) ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

നെൽക്കൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി

*6 [66] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

,, പി. കെ. അബ്ദുറബ്ബ്:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, സി. മോയിൻകുട്ടി:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നെൽക്കൃഷി ലാഭകരമാക്കുന്നതിനും ഉല്പാദനം കുറയാതിരിക്കുന്നതിനും വേണ്ടി കർഷകരെ സഹായിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) സംസ്ഥാനത്ത് നെൽക്കൃഷി വികസനത്തിനായി, നെൽക്കൃഷി വികസനം (സംസ്ഥാനാവിഷ്ക്കൃത പദ്ധതി), നെൽക്കൃഷി വികസനം (കേന്ദ്രാവിഷ്ക്കൃത പദ്ധതി), സൗജന്യ വൈദ്യുതി പദ്ധതി, ചെറുകിട നാമമാത്ര കൃഷിക്കാർക്ക് ഉൽപ്പാദന ബോണസ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനാവിഷ്ക്കൃത നെൽക്കൃഷി വികസന പദ്ധതി പ്രകാരം 2004-05-ൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്ക്കൃത പദ്ധതിപ്രകാരം 800 ലക്ഷം രൂപയ്ക്കുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിച്ചും ഒരു പരിധിവരെ യന്ത്രവൽക്കരണം നടപ്പിലാക്കിയും ഉല്പാദന ചെലവ് കുറയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചുവരുന്നു. നെൽക്കൃഷിക്ക് പൂർണ്ണമായി വൈദ്യുതി സൗജന്യം നൽകുന്നത് കൂടാതെ കൊയ്ത്ത് കാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉല്പാദനോപാദികൾ ലഭ്യമാക്കാനും സംസ്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നെൽക്കൃഷി വികസനത്തിനായി രൂപീകരിച്ചിട്ടുള്ള വികസന ഏജൻസികൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഗ്രൂപ്പുഫാമിംഗ് പദ്ധതിപ്രകാരം ഹെക്ടറിന് 1,000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. ഇതുകൂടാതെ നെൽക്കൃഷി ഉൾപ്പെടെ കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട ഏകദേശം 33000 ഹെക്ടർ വരുന്ന ചെറുതും വലുതുമായ 598-നുമേൽ പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ 200 കോടി രൂപയ്ക്കുള്ള ഒരു ബൃഹത്പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു

റേഷൻ കടകൾവഴി പൊതുവിതരണ സമ്പ്രദായം

*7 [67] ശ്രീ. ജോർജ് ജെ. മാത്യു:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, വി. ഡി. സതീശൻ:

,, കെ. പി. വിശ്വനാഥൻ:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടവഴി ഇപ്പോൾ എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യുന്നത്;

(ബി) വിവിധ ഗണത്തിൽപ്പെട്ട കാർഡുടമകൾക്ക് ഇവ എന്ത് വിലയ്ക്കാണ് വിതരണം ചെയ്തുവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly